# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## സേക്രട്ട് ഹാർട്ട്

## ഹൈസ്കൂൾ പങ്ങട

## ഉള്ളടക്കം


| താളുകളിലൂടെ | പേജ് നമ്പർ |
| --- | --- |
| അടിസ്ഥാനവിവരങ്ങൾ | 3 |
| ആമുഖം | 4 |
| പ്രവർത്തനവഴികളിലൂടെ | 5 |
| സ്ഥിതിവിവരക്കണക്ക്, നേട്ടങ്ങൾ | 6 |
| പ്രതിസന്ധികൾ, പരിമിതികൾ | 7 |
| പൊതുലക്ഷ്യങ്ങൾ | 8 |
| പ്രവർത്തനങ്ങൾ | 10 |
| അക്കാദമിക വിശദാംശങ്ങൾ | 11 |
| ദിനാചരണങ്ങൾ | 33 |
| ഉപസംഹാരം. | 39 |

# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ, പങ്ങട

വിലാസം : പങ്ങട . പി.ഒ., പിൻ : 686502

ഫോൺ : 0481 2967922

2. സ്കൂൾ കോഡ് : 33061

3. വിദ്യാഭ്യാസ ഉപജില്ല : പാമ്പാടി

4. വിദ്യാഭ്യാസ ജില്ല : കോട്ടയം

5. റവന്യൂ ജില്ല : കോട്ടയം

6. ബി.ആർ.സി. : പാമ്പാടി

7. സി.ആർ.സി : കോത്തല

8. ഗ്രാമപഞ്ചായത്ത് : കൂരോപ്പട

9. ബ്ലോക്ക് പഞ്ചായത്ത് : പാമ്പാടി

10. ജില്ലാ പഞ്ചായത്ത് : കോട്ടയം

11. നിയമസഭാമണ്ഡലം : പുതുപ്പള്ളി

12. ലോക്സഭാ മണ്ഡലം : കോട്ടയം

13. താലൂക്ക് : കോട്ടയം

14. വില്ലേജ് : കൂരോപ്പട

15. ഇ-മെയിൽ : spangada7@gmail.com

# സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ, പണ്ടട

## ആമുഖം

അനേകായിരങ്ങൾക്ക് അറിവിന്റെ വെള്ളിവെളിച്ചം പകർന്നുകൊണ്ട് അവരെ ഭൗതികവും ബൗദ്ധികവും മാനസികവും ആദ്ധ്യാത്മികവുമായ ഔന്നത്യങ്ങളിൽ എത്തിച്ചുകൊണ്ടിരിക്കുന്ന ഈ വിദ്യാലയം 1976-ൽ ഒരു യു.പി. സ്കൂളായി സ്ഥാപിക്കപ്പെട്ടു. ചങ്ങനാശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഭാഗമായ ഈ സ്കൂൾ 1983-ൽ ഒരു ഹൈസ്കൂൾ ആയും 2003-ൽ ഒരു മിക്സഡ് ഹൈസ്കൂളായും ഉയർത്തപ്പെട്ടു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സന്ദേശം ഏറ്റെടുത്ത് പുതിയ നൂറ്റാണ്ടിന്റെ വെല്ലുവിളികൾ നേരിടാൻ അഭിമാനകരമായ പ്രവർത്തനാനുഭവങ്ങളുമായി 49 വർഷത്തെ സേവന പാരമ്പര്യമുള്ള, പണ്ടട ഗ്രാമത്തിലെ ഒരു എയ്ഡഡ് സ്ഥാപനമായ എസ്. എച്ച്. ഹൈസ്കൂൾ നാടിനാകെ അഭിമാനിക്കാവുന്ന തരത്തിൽ നിരവധി സ്വപ്ന പദ്ധതികളുമായി കുതിപ്പിന്റെ പാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്നു. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വതന്ത്രവും, ശിശുസൗഹൃദപരവുമായ അന്തരീക്ഷം സൃഷ്ടിച്ചുകൊടുക്കുന്നതിൽ ഈ വിദ്യാലയാധികൃതർ എന്നും ശ്രദ്ധാലുക്കളാണ്.

പ്രവർത്തനവഴികളിലൂടെ ....

പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളുടെ കാര്യത്തിലും പട്ടട എസ്.എച്ച്. മുൻനിരയിൽ തന്നെയാണ്. ദേശീയ അന്തർദേശീയ തലങ്ങളിൽ സമ്മാനങ്ങൾ വാരിക്കൂട്ടുകയും പ്രതിഭകളെ സൃഷ്ടിക്കുകയും ചെയ്ത ഹാൻഡ്ബോൾ അക്കാദമി, സാംസ്കാരികവും സർഗാത്മകവുമായ മികവുകൾ തെളിയിക്കുന്ന കലാവേദികൾ , ബൗദ്ധികവും അർത്ഥസമ്പന്നവുമായ സ്റ്റുഡന്റ്സ് എൻറിച്ച്മെന്റ് പ്രോഗ്രാം, അച്ചടക്കത്തിലും സാമൂഹ്യ സേവന രംഗങ്ങളിലും പ്രതിജ്ഞാബദ്ധരെ വാർത്തെടുത്തു കൊണ്ടിരിക്കുന്ന സ്കൗട്ടിംഗ്, ഗൈഡിംഗ്, റെഡ്ക്രോസ് തുടങ്ങിയ പ്രസ്ഥാനങ്ങൾ ഇവയെല്ലാം കുട്ടികൾക്കും വരും തലമുറകൾക്കും മുതൽക്കൂട്ടുകളാണ്. വിവരസാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം നൽകുന്നതിന് ലിറ്റിൽകൈറ്റ്സ് നേതൃത്വം നൽകുന്നു. ഡിജിറ്റൽ ക്ലാസ് റൂം, സുസജ്ജമായ കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലൈബ്രറി, വായനാമുറി എന്നിവയും സ്കൂളിന്റെ മാറ്റ് കൂട്ടുന്നു.

ഹെഡ്മാസ്റ്റർ ശ്രീ. റെജിമോൻ. വി. എം. ന്റെ നേതൃത്വത്തിൽ കർത്തവ്യനിരതരും അർപ്പണമനോഭാവമുള്ളവരുമായ ഒരു കൂട്ടം അധ്യാപകാനധ്യാപക സമൂഹം ഇന്ന് ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ അക്ഷീണം പരിശ്രമിച്ചു വരുന്നു.

## സ്ഥിതിവിവരക്കണക്ക്

| അംഗങ്ങൾ | എണ്ണം |
| --- | --- |
| വിദ്യാർത്ഥികൾ | 336 |
| അധ്യാപകർ | 18 |
| അനധ്യാപകർ | 4 |

## ശ്രദ്ധേയമായ നേട്ടങ്ങൾ

- മുൻവർഷങ്ങളിലെ തുടർച്ചയായ SSLC പരീക്ഷയിലുള്ള 100% വിജയം.
- സബ്ജില്ലാ തലത്തിലുള്ള ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഐടി മേഖലകളിലുള്ള മികച്ച വിജയം.
- വർഷം തോറും ഹാൻഡ്ബോൾ ഗെയിം രംഗത്ത് ദേശീയ താരങ്ങളെ സംഭാവന ചെയ്തു വരുന്നു.
- കലാ സാംസ്കാരിക രംഗത്തെ മികച്ച പ്രകടനം നിരവധി പ്രതിഭകളെ വാർത്തെടുക്കുന്നു.
- അധ്യാപക - വിദ്യാർത്ഥി ആത്മബന്ധം ശക്തിപ്പെടുത്താൻ കഴിഞ്ഞു.

## പ്രതിസന്ധികൾ

- വിദ്യാർത്ഥികളിലെ അടിസ്ഥാന പരിജ്ഞാനമില്ലായ്മ
- പഠനാഭിമുഖ്യമില്ലായ്മ

- പഠനശീലമില്ലായ്മ
- ഹാജറിലുള്ള സ്ഥിരതയില്ലായ്മ
- പ്രതികൂലമായ കുടുംബാന്തരീക്ഷം.

പരിമിതികൾ

- ലക്ഷ്യബോധമില്ലായ്മ
- സമയപരിമിതി

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും. വർഷാരംഭത്തിൽ തന്നെ പഠനത്തിൽ പിന്നോക്കം പുലർത്തുന്ന കുട്ടികളെ കണ്ടെത്തി യു.പി. തലത്തിൽ വച്ചുതന്നെ അവരെ എഴുത്തിലും വായനയിലും അടിസ്ഥാനപരമായ ഗണിതത്തിലും പ്രാവിണ്യമുള്ളവരാക്കും.
2. കുട്ടികളിലെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ കണ്ടെത്തി പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കും.
3. സ്കൂളിലെത്തുന്ന ഓരോ കുട്ടിയുടെയും കുടുംബപശ്ചാത്തലം മനസ്സിലാക്കി അവരുടെ വളർച്ചയ്ക്ക് അനുയോജ്യമായ സമീപനങ്ങൾ ഏർപ്പെടുത്തും.
4. ഓരോ കുട്ടിയുടെയും ഭവനസന്ദർശനം നടത്തും.
5. 'Individual difference' അനുസരിച്ച് ബോധനരീതി നടപ്പിലാക്കും.
6. വായനാശീലം വളർത്തിയെടുക്കും.
7. ജൈവവൈവിധ്യ ഉദ്യാനം പരിപോഷിപ്പിക്കും.
8. പരിസ്ഥിതിക്കിണങ്ങിയ ജീവിതരീതി (ഉദാ: ഭക്ഷണശൈലി) കുട്ടികളിൽ രൂപപ്പെടുത്തിയെടുക്കും.

9. ലഹരിവിമുക്ത കാമ്പസ് നിലനിർത്തും.

10. SSLC പരീക്ഷയിലുള്ള 100% വിജയം നിലനിർത്തും.

11. Full A+, USS, NMMS സ്കോളർഷിപ്പുകൾ ഇവയിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കും.

12. കുട്ടികളെ ദേശീയാവബോധമുള്ളവരാക്കിത്തീർക്കും.

13. PTA ബന്ധം ദൃഢപ്പെടുത്തും.

14. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ലഭ്യമാക്കും.

# പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം.
2. ഗണിതശേഷി വികസനം.
3. ഇംഗ്ലീഷ് പഠനം അനായാസമാക്കൽ.
4. വായനശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലബോറട്ടറി നവീകരണം - ശാസ്ത്രം.
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി നവീകരണം.
9. ജൈവ വൈവിധ്യപാർക്ക് ഒരുക്കൽ.
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം (USS, NMMS)
11. സ്കൂൾ പത്രം.
12. അധ്യാപക ശാക്തീകരണം.
13. പ്രവൃത്തി പരിചയ പരിശീലനം.
14. പച്ചക്കറിത്തോട്ടം.
15. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ.
16. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ.
17. ഗവേഷണാത്മക പഠനം.
18. കായികശേഷി വികസനം
19. ചോദ്യപേപ്പർ ശില്പശാല
20. ഐ.ടി. പഠനം - കാര്യക്ഷമമാക്കൽ.
21. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഐ.ടി, പ്രവൃത്തിപരിചയമേള.
22. ക്ലാസ്സ് പി.ടി.എ. കാര്യക്ഷമമാക്കൽ.
23. ക്വിസ് ക്ലബ് കാര്യക്ഷമമാക്കൽ.
24. Language Lab.

# അക്കാദമികം - വിശദാംശങ്ങൾ

## ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി എഴുതുവാനും സംസാരിക്കുവാനും ഉള്ള ശേഷി വികസനം. | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ. | എല്ലാ ക്ലാസ്സും | ഇംഗ്ലീഷ് ടീച്ചർ | |
| | 2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി, ക്ലാസ് ടീച്ചർ | |
| | 3. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. ഓരോ ക്ലാസിനും ചുമതല. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ. | |
| | 4. ഇംഗ്ലീഷിൽ ഡയറി എഴുത്ത്. | എല്ലാ ദിവസവും തുടർച്ചയായി | ഇംഗ്ലീഷ് ടീച്ചർ. | |
| | 5. ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുത്തൽ | രണ്ടാഴ്ചയിൽ ഒരിക്കൽ. | ക്ലാസ് ടീച്ചർ | |
| 2. ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം. | പാഠഭാഗങ്ങളുടെ വ്യത്യസ്തമായ രൂപത്തിലേക്ക് മാറ്റി അവതരണം. (Skit, Drama, Conversation) | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ, ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി. | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
| --- | --- | --- | --- | --- |
| 3). വ്യാകരണ ശുദ്ധി യോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ. | വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ക്ലാസുകൾ. | ക്ലാസ് സമയം. | ഇംഗ്ലീഷ് ടീച്ചർ. | |
| 4). കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികൾ അവരുടെ രചനകൾ ചേർത്ത് English Magazine തയ്യാറാക്കുന്നു. | ക്ലാസ് സമയത്ത് വേണ്ട നിർദ്ദേ-ശങ്ങൾ നൽകി വർഷാവസാനം മാഗസിൻ പ്രസിദ്ധീകരിക്കു-ന്നു. | ഇംഗ്ലീഷ് ടീച്ചർ. ഇംഗ്ലീഷ് ക്ലബ് സെക്രട്ടറി. | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസേന എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം. | 1) അക്ഷരം ഉറപ്പിക്കൽ<br>2). ചിഹ്നം ഉറപ്പിക്കൽ<br>3). പദനിർമ്മാണം.<br>4). വാക്യനിർമ്മാണം.<br>5) രചനാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | പ്രവർത്തന വർഷം. | മലയാളം ടീച്ചർ, SRG | |
| 2). എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1). വായനക്കൂട്ടം.<br>2). ക്ലാസ് ലൈബ്രറി നവീകരിക്കൽ.<br>3). ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>4) പത്രവായന<br>5). സ്കൂൾ ലൈബ്രറി നവീകരണം.<br>6) ക്വിസ്. | പ്രവർത്തന വർഷം. | വിദ്യാരംഗം ചുമതല ഉള്ള അധ്യാപകർ, മലയാളം ടീച്ചർ. | |
| 3). സർഗ്ഗശേഷി വികസനം. | 1). സാഹിത്യക്വിസ് - രചനാ ശില്പശാല (കവിത, കഥ) | മാസത്തിൽ 1 തവണ. | മലയാളം ടീച്ചർ. | |
| | 2). കവിതാലാപന മത്സരം | " | വിദ്യാരംഗം. | |
| | 3). പുസ്തകചർച്ച, പുസ്തകാസ്വാദനം | " | " | |
| | 4). അമ്മമാർക്കൊരു പുസ്തകം | " | " | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല സ്വീകരിക്കേണ്ടവർ |
|---|---|---|---|
| 4). വിവിധ ശേഷികളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ. | ജൂൺ-മാർച്ച് | SRG. |

# ഹിന്ദി.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1). എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതു പോലെ ഹിന്ദിയിൽ എഴുതാനും വായിക്കുവാനുമുള്ള കഴിവ് വളർത്തി എടുക്കുക. | 1). ഹിന്ദി പ്രസംഗം, കവിതാലാപനം എന്നിവ പരിശീലിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 2). കുട്ടികളെ കൊണ്ട് പൊതുവിഷയത്തിൽ എഴുതുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | " | |
| | 3). ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ഗതിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | ആവശ്യാനുസരിച്ച് | " | |
| | 4). ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക. | | " | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ. | 1). ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. 2). ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നല്കുക. | | ഗണിത ടീച്ചർ | |
| 2) ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | | " | |
| 3). ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ | 1) ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | അക്കാദമിക വർഷം, തുടർപ്രവർത്തനം. | " | |
| 4). കാലാനുസൃതമായി ചെയ്ത ക്ലാസ് തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുക. | 1). വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂടായ പ്രവർത്തനങ്ങളിലൂടെ കൈവരിക്കുന്നു. | " | " | |
| 5). വിഷയാഭിരുചി വളർത്തുക. | 1). ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ക്വിസ് മത്സരം, ചാർട്ട് നിർമ്മാണം, മോഡൽ നിർമ്മാണം, സെമിനാർ തുടങ്ങിയവ സംഘടിപ്പിക്കുന്നു. | " | " | |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1. ശാസ്ത്രതത്വങ്ങളെ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ എത്തിക്കാനാവിധം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ. | Academic Year. | Science tr. | |
| | 2. ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുത്തുന്നതിന് കുട്ടികൾക്ക് അവസരം നൽകൽ. | | Science tr | |
| | 3. Inspire Awardമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. വേണ്ട പിന്തുണയും പ്രോത്സാഹനവും നൽകൽ. | July, August. | " | |
| | 4. സ്കൂൾതല Science Exhibition സംഘടിപ്പിക്കൽ. | വർഷത്തിൽ 1 തവണ | " | |
| 2. ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ. | 1. മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പിന്തുണയും പരിശീലനവും നൽകൽ. | വർഷത്തിൽ 2 മാസം | " | |
| | 2. ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം. | " | " | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 3). ശാസ്ത്രലാബ് നവീകരണം. | 1) Physics, Chemistry, Biology വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ. | വർഷത്തിൽ 1 പ്രാവശ്യം | Science tr | |
| 4). ശാസ്ത്ര മാസിക തയ്യാറാക്കൽ. | 1) കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ. | " | " | |
| 5). പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | 1) പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് എന്ന ആശയം നടപ്പാക്കൽ. | " | " | |
| | 2). ഔഷധ തോട്ടം ഒരുക്കൽ. | " | " | |
| 6). ശാസ്ത്രീയ മനോഭാവം, ശാസ്ത്രാന്വേഷണ താല്പര്യം എന്നിവ വളർത്തുക. | 1). ജൂൺ മുതൽ മാർച്ച് വരെ ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ കാലത്ത് പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ. - ശാസ്ത്രദിന കലണ്ടർ നിർമ്മാണം | Academic Year | " | |

# Social Science

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| 1). ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ. | 1). പ്രകടനപത്രിക പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ പാർലമെന്റ് രൂപീകരണം. തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | വർഷത്തിൽ 2 തവണ | Social Science Tr, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ. | |
| 2). സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ. | 1). അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | ആഴ്ചയിൽ 1 തവണ | Social Science Teachers. | |
| 3). കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | 1). പൊതുവിജ്ഞാന ശേഖര പരിപോഷിപ്പിക്കുന്ന ക്വിസുകൾ വീഡിയോ പ്രദർശനം പ്രോജക്ട് എന്നിവ | Academic Year. | | 4 |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| 4). വ്യത്യസ്ത ജനങ്ങളെക്കുറിച്ചും, ജലാശയങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ എന്നിവയെ എല്ലാം പരിചയപ്പെടുത്തുക എന്ന ലക്ഷ്യം. | i). വിവിധ മേഖലകളെക്കുറിച്ച് അറിവ് ലഭിക്കുന്ന വീഡിയോകൾ. കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഫലവത്താക്കുന്നു. | Academic Year | S.S teacher. | |
| 5). സാമൂഹ്യശാസ്ത്രത്തിൽ നിരീക്ഷണം വളർത്തുക. | i). ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ. | " | " | |
| 6). മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളർത്തുക. | i). പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്വിസുകൾ, അറിവുകൾ. | " | " | |
| 7). പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക. | i). ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക. | Academic Year. | " | |
| 8). ജനാധിപത്യം ഒരു ജീവിത ശൈലിയായി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം എന്നിവ വളർത്തുക. | i). പൗരബോധം, സാമൂഹ്യസേവനം എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | " | |

# IT

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1) വിവരസാങ്കേതിക വിദ്യാലോകത്തേക്ക് കുട്ടികളെ കൈപിടിച്ച് ഉയർത്തുന്നു. | 1) ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ച് പഠനത്തെ ആകർഷകമാക്കുന്നു.<br>2) Theory classes, Practical classes എന്നിവ കുട്ടികളെ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിൽ പ്രാപ്തരാക്കുന്നു. | IT teacher | Academic Yr. | |

# സംസ്കൃതം (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ |
| --- | --- | --- | --- | --- |
| 1. എല്ലാ കുട്ടികൾക്കും സംസ്കൃതം എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം. | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമ്മാണം.<br>4) വാക്യനിർമ്മാണം<br>5. പഠനപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്.<br>6. സാഹിത്യ സമാജം | പ്രവർത്തന വർഷം | സംസ്കൃത ടീച്ചർ | |
| 2. വിവിധ ശേഷികളുടെ വികസനം. | 1) പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ. | " | " | |

# ഉപമേഖല - പ്രവൃത്തി പരിചയം.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം. |
|---|---|---|---|---|
| 1. പ്രവൃത്തി പരിചയ പരിശീലനം. | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ, അവരെ മത്സരങ്ങൾക്ക് സജ്ജരാക്കൽ. | 1 മാസം | SRG, Work Experience In-charge Tr. | |

# കലാപരിപോഷണം.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ. | 1. കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പി- ക്കുകയും ചെയ്യുക.<br>2. സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാരചന, കവിതാലാ- പനം, തുടങ്ങിയ കഴിവുകൾ ഉള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗവാസ- നകളെ പരിപോഷി- പ്പിക്കുന്നതിനുള്ള അവസരങ്ങൾ. | ക്ലാസ് ടീച്ചർ, SRG, Art Education Teachers. | | |

# കായിക മികവ് വർദ്ധിപ്പിക്കൽ.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കൽ. | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും Handball പരിശീലനം നൽകൽ, സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ. | H & PE ചുമതല ഉള്ള അധ്യാപകർ. | അക്കാദമിക് വർഷം. | |
| 2. കായിക മത്സരങ്ങളിൽ മികവിലെത്തിക്കൽ. | | | | |

# കൗൺസിലിങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സ്വാംശീകരണം |
| --- | --- | --- | --- | --- |
| 1). വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ് നൽകൽ, നല്ല വ്യക്തിത്വമുള്ളവരാക്കൽ. | 1). ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br><br>2). ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹാരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. | Councelling teachers. | മൂന്ന് മാസത്തിൽ ഒരിക്കൽ. | |

# Scout & Guide.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. സമ്പൂർണ്ണ വ്യക്തിത്വ വികസനവും സഹകരണ-വും ലോകസാഹോദര്യവും ലക്ഷ്യമാക്കി നടത്തുന്ന സേവനോന്മുഖ പ്രവർത്തന-ങ്ങളിലൂടെ ഉത്തമ പൗരന്മാരെ സൃഷ്ടിക്കുക. | 1. ആഴ്ചയിലൊരി-ക്കൽ Scout & Guide കുട്ടികൾക്ക് പരിശീലനം നൽകുന്നു.<br>2) Unit Camps.<br>3) Rajya puraskar Training. | Academic Year. | Teacher-in charge of Scout & Guide. | |

# Junior Redcross.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല സ്ഥാനത്തിൽ |
|---|---|---|---|
| 1) ആരോഗ്യ സംരക്ഷണം, പരോപകാര പ്രവർത്തനം, ലോകസാഹോദര്യബന്ധം, പരിസര ശുചീകരണം, എന്നിവയിലേക്കുള്ള അറിവ്. പരിശീലനവും നേടുന്നു. | 1) Health & Safety Training Programmes, Community Service.<br><br>2) പരിസര ശുചിത്വം, വ്യക്തി ശുചിത്വം. എന്നിവ ഉറപ്പു വരുത്തുക, രോഗിസന്ദർശനം, ദിനാചരണങ്ങൾ, ഹെൻറി ഡ്യൂനന്റ് ക്വിസ് മത്സരം ABC Level പരീക്ഷയ്ക്ക് തയ്യാറെടുക്കൽ. | Academic Year. | Teacher-in Charge of Redcross. |

# Little Kites

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ. |
|---|---|---|---|---|
| 1. നൂതന സാങ്കേതിക വിദ്യാലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുക. | 1. Robotics, Animation, Programming തുടങ്ങിയവ പരിശീലനം നൽകുന്നു. | Academic Year. | Teacher in Charge of Little Kites. | |

# USS

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| 1). കേരള പരീക്ഷാ ഭവന്റെ നേതൃത്വത്തിൽ 7-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് നടത്തി വരുന്ന Scholarship-ന് കുട്ടികളെ സജ്ജരാക്കുക. | 1). USS Scholarship പരീക്ഷയ്ക്ക് വിദ്യാലയ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് Scholarship ഉറപ്പുവരുത്തൽ. | Academic Year. | UP teachers. | |

# NMMS

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷകളിലൂടെ ലഭ്യമാക്കൽ. | 1). NMMS സ്കോളർഷിപ്പിന് ചിട്ടയായ പരിശീലനം നൽകി കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ. | | Teacher-in-charge. | |

# വിദ്യാരംഗം.

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമഗ്രികൾ. |
|---|---|---|---|---|
| 1. കുട്ടികളിലെ സാഹിത്യാഭിരുചി, സർഗ്ഗാത്മകത, സർഗ്ഗശേഷി എന്നിവ വളർത്തൽ. | 1) വായനക്കൂട്ടം<br>2). സാഹിത്യക്വിസ്<br>3). രചനാ ശില്പശാല<br>4). കവിതാലാപന മത്സരം.<br>5). പുസ്തകാസ്വാദനം. | Teacher-in charge. | Academic Year. | |

# ദിനാചരണങ്ങൾ

| ദിനങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ 2<br>പ്രവേശനോത്സവം | 2025 ജൂൺ 2ന് പുതിയ അധ്യയന വർഷത്തോടനുബന്ധിച്ചുള്ള പ്രവേശനോത്സവം സമുചിതമായി നടത്താൻ തീരുമാനിച്ചു. നവാഗതരാകുന്ന കുട്ടികൾക്ക് മധുരപലഹാരങ്ങൾ നൽകുവാനും പ്രഥമാധ്യാപകന്റെയും പി.ടി.എ. പ്രതിനിധികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ കുട്ടികളെ സ്കൂളിലേയ്ക്ക് സ്വീകരിക്കാനും തീരുമാനിച്ചു. |
| ജൂൺ 5<br>പരിസ്ഥിതിദിനം | എല്ലാവർഷത്തെയും പോലെ പരിസ്ഥിതിദിനം സമുചിതമായി ആഘോഷിക്കാൻ തീരുമാനിച്ചു. പരിസ്ഥിതിദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രധാനാധ്യാപകനും അധ്യാപകരും സംസാരിക്കുന്നു. പരിസ്ഥിതിദിന സെമിനാറുകൾ, ക്വിസ് മത്സരം, വൃക്ഷത്തൈ നടീൽ, പോസ്റ്റർ, ഗാനങ്ങൾ, പരിസരശുചീകരണം തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ സ്കൂളിൽ നടത്താൻ തീരുമാനിച്ചു. |

| ദിനങ്ങൾ | പ്രവർത്തനങ്ങൾ |
| --- | --- |
| ജൂൺ 19 വായനാദിനം | വായനാദിനം ഒരാഴ്ച നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളോടെ വായനാവാരമായാണ് ആഘോഷിക്കുന്നത്. പുസ്തക പരിചയം, അവലോകനം, പ്രധാനകൃതികളുടെ പരിചയം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വായനാവാരത്തിൽ നടത്തുന്നു. വായനാമത്സരം, പുസ്തകാസ്വാദനക്കുറിപ്പ് തയാറാക്കൽ, ക്വിസ് മത്സരം എന്നിവയും നടത്താൻ തീരുമാനിച്ചു. |
| ജൂൺ 21 അന്താരാഷ്ട്ര യോഗദിനം | യോഗാദിനത്തോടനുബന്ധിച്ച് യോഗാക്ലാസ് നടത്താനും കുട്ടികൾക്ക് യോഗയുടെ പ്രാഥമിക പാഠങ്ങൾ നൽകാനും തീരുമാനിച്ചു. |
| ജൂൺ 26 ലഹരിവിരുദ്ധ ദിനം | ലഹരിവിരുദ്ധ ക്ലാസുകൾ, പോസ്റ്റർ പ്രദർശനം, ലഹരിവിരുദ്ധ റാലി തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. ഓരോ ക്ലാസും തനതായ രീതിയിൽ ലഹരി വിരുദ്ധ ദിനം ആചരിക്കാൻ തീരുമാനിച്ചു. |

| ദിനങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| ജൂലൈ 5<br>ബഷീർ ചരമദിനം | ബഷീർ അനുസ്മരണം നടത്താൻ തീരുമാനിച്ചു. |
| ജൂലൈ 11<br>ലോക ജനസംഖ്യാദിനം | ലോകജനസംഖ്യാ ദിനത്തോടനുബന്ധിച്ച് ബോധവത്കരണ ക്ലാസ്, ക്വിസ് മത്സരങ്ങൾ ഇവ നടത്താൻ തീരുമാനിച്ചു. |
| ജൂലൈ 21<br>ചാന്ദ്രദിനം | സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ചാന്ദ്രദിനത്തിൽ ക്വിസ് മത്സരം, ചിത്ര പ്രദർശനം ഇവ നടത്താൻ തീരുമാനിച്ചു. |
| ആഗസ്റ്റ് 6, 9<br>ഹിരോഷിമ ദിനം<br>നാഗസാക്കി ദിനം | യുദ്ധത്തിന്റെ കെടുതികളെക്കുറിച്ച് കുട്ടികൾക്ക് അറിവു നൽകാനും, പോസ്റ്ററുകൾ, സെമിനാറുകൾ, ബോധവത്കരണ ക്ലാസുകൾ ഇവ സംഘടിപ്പിക്കുവാനും തീരുമാനിച്ചു. |
| ആഗസ്റ്റ് 9<br>ക്വിറ്റ് ഇന്ത്യാദിനം | ക്വിറ്റ് ഇന്ത്യാ ദിന പരിപാടികൾ നടത്താൻ തീരുമാനിച്ചു. സോഷ്യൽ സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ സെമിനാർ, ചിത്രപ്രദർശനം, സന്ദേശങ്ങൾ എന്നിവ നടത്താൻ തീരുമാനിച്ചു. |

| ദിനങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| ആഗസ്റ്റ് 15<br>സ്വാതന്ത്ര്യദിനം | സ്വാതന്ത്ര്യദിനത്തിൽ പ്രധാനാധ്യാപകൻ, അധ്യാപകർ, കുട്ടികൾ, PTA അംഗങ്ങൾ എന്നിവർ സ്കൂളിൽ എത്തി ദേശീയ പതാക ഉയർത്തുന്നതിനും കുട്ടികൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുന്നതിനും തീരുമാനിച്ചു. |
| ഓണം | എല്ലാ വർഷത്തെയും പോലെ ഓണം ഗംഭീരമായി നടത്താൻ തീരുമാനിച്ചു. വിവിധ ഓണക്കളികൾ, പൂക്കളമത്സരം, ഓണസദ്യ എന്നിവ നടത്താൻ തീരുമാനിച്ചു. |
| സെപ്റ്റംബർ 5<br>ദേശീയ അധ്യാപകദിനം | ദേശീയ അധ്യാപക ദിനത്തിൽ പ്രത്യേക അസംബ്ലി നടത്താനും ഈ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് അറിവു നൽകുവാനും തീരുമാനിച്ചു. |
| സെപ്റ്റംബർ 8<br>ലോകസാക്ഷരതാദിനം | സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. |
| സെപ്റ്റംബർ 16<br>ഓസോൺ ദിനം | ഓസോൺ ദിനത്തോടനുബന്ധിച്ച് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് സന്ദേശം നൽകുന്നു. |

| ദിനങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| ഒക്ടോബർ 2 - ഗാന്ധിജയന്തി ദേശീയ അഹിംസാദിനം | ഗാന്ധിജയന്തിദിനം അഹിംസാദിനമായി ആചരിക്കുന്നു. സ്കൂളും പരിസരവും വൃത്തിയാക്കുവാനും ക്വിസ് മത്സരം, സെമിനാർ ഇവ നടത്തുവാനും തീരുമാനിച്ചു. |
| ഒക്ടോബർ 24 ഐക്യരാഷ്ട്ര ദിനം | സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. |
| നവംബർ 1 കേരളപ്പിറവിദിനം | എല്ലാ വർഷത്തെയും പോലെ കേരളപ്പിറവി ദിനം സമുചിതമായി ആഘോഷിക്കാൻ തീരുമാനിച്ചു. കേരളപ്പിറവി ദിന സന്ദേശം, കേരള ക്വിസ് എന്നിവ നടത്താനും തീരുമാനിച്ചു. |
| നവംബർ 14 ശിശുദിനം | ശിശുദിന റാലി, പോസ്റ്റർ നിർമ്മാണം എന്നിവ നടത്താൻ തീരുമാനിച്ചു. |

| ദിനങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| ഡിസംബർ 3<br>ലോകവികലാംഗദിനം | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കലാപരിപാടികൾ നടത്താൻ തീരുമാനിച്ചു. |
| ക്രിസ്തുമസ് | ക്രിസ്തുമസിനോട് അനുബന്ധിച്ച് പുൽക്കൂട് മത്സരം, പാപ്പാ മത്സരം, കരോൾഗാന മത്സരം ഇവ നടത്താൻ തീരുമാനിച്ചു. |
| ജനുവരി 26<br>റിപ്പബ്ലിക് ദിനം | ജൂനിയർ റെഡ് ക്രോസിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടത്താൻ തീരുമാനിച്ചു. |
| ഫെബ്രുവരി 21<br>ലോക മാതൃഭാഷാദിനം | ലോക മാതൃഭാഷാദിനത്തോടനുബന്ധിച്ച് മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് സന്ദേശം നൽകുന്നു. |

# ഉപസംഹാരം

പങ്ങട സേക്രട്ട് ഹാർട്ട് ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയാറാക്കിയതാണ്. കുട്ടിയുടെ സർവതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന് ഞങ്ങൾക്ക് ഉത്തമ ബോധ്യം ഉണ്ട്.